# HMSLPS

# KARACODE

## ACADEMIC MASTER PLAN
## 2025-26

Charge : Shibi. R. S (staff secratory)
Sindhu. R (SRG conveenor)

556701

Scanned with OKEN Scanner

## വിദ്യാലയ ചരിത്രം

H.M.S.L.P.S കാരക്കോട് സ്ഥിതി ചെയ്യുന്നത് കാരോട് ഗ്രാമപഞ്ചായത്തിലാണ്. LMS കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ് സ്കൂൾ. ക്രിസ്ത്യൻ മിഷനറിമാർ സ്ഥാപിച്ച ഈ സ്കൂളിൽ 50 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. 1891-ൽ H.M.S.L.P.S കാരക്കോട് സ്ഥാപിതമായി. പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസുവരെയുള്ള ക്ലാസുകളിൽ കുട്ടികൾ പഠിക്കുന്നു.

ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ശിശുസൗഹൃദവും ആസ്വാദ്യകരവുമാണ്. ആകർഷകമായ സ്കൂൾ അന്തരീക്ഷം കുട്ടികൾക്ക് ആനന്ദം പകരുന്നു.

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുവാനും, എല്ലാം കുട്ടികളെയും പഠനപ്രക്രിയകളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽക്കണ്ട് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിനും വേണ്ടി അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് തയ്യാറാക്കിയ പദ്ധതിയാണിത്.

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : എച്ച്.എം.എസ്.എൽ.പി.എസ്
കാരക്കോട്.

വിലാസം : കാരോട്.

സ്കൂൾ കോഡ് : 44522

വിദ്യാഭ്യാസ ഉപജില്ല : പാറശാല

വിദ്യാഭ്യാസ ജില്ല : നെയ്യാറ്റിൻകര.

റവന്യൂ ജില്ല : തിരുവനന്തപുരം.

ബി.ആർ.സി : പാറശ്ശാല

സി.ആർ.സി : നല്ലൂർവട്ടം

ഗ്രാമപഞ്ചായത്ത് : കാരോട്

വാർഡ് : കാരോട്

താലൂക്ക് : നെയ്യാറ്റിൻകര.

വില്ലേജ് : കാരോട്

ബ്ലോക്ക് : പാറശ്ശാല

Scanned with OKEN Scanner

# 2025-26

Headmistress : Sunikumari

Teachers : Shibi. R.S
Sindhu. R
Shyni. S

Pre-Primary : Jincy. V.T
Anju. R.A
Ancymol. A.E.

## Division of Duties

Shibi. R.S - staff secratory, P S I T C, English club conveenor, ~~science~~ Science club, Gandhi Dharshan.

Sindhu. R - S R.G conveenor, Health, Echo club

Shyni. S - Vidhya Rangam, Sports, Maths

Scanned with OKEN Scanner

# അവസ്ഥാ വിശകലനം

ഈ സ്കൂളിലെ വിദ്യാർത്ഥികൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നു. സബ് ജില്ലാ മേളകളിൽ ഉന്നത നിലവാരം പുലർത്താൻ കഴിയുന്നതോടൊപ്പം പഠന പ്രവർത്തനങ്ങളിലും മുന്നിലാണ്.

സ്കൂളിന് സ്വന്തമായി ഒരു കിണറും, സ്മാർട്ട് ക്ലാസ് റൂം, പച്ചക്കറിത്തോട്ടം, മൈതാനി കളിസ്ഥലം. ഇങ്ങനെയുള്ളവ സാധ്യമാക്കിത്തരുന്നതോടെ അലങ്കരിച്ചിട്ടുണ്ട്.

# അധ്യാപകർ നിലവിലെ അവസ്ഥ

പ്രഥമ അധ്യാപിക ഉൾപ്പെടെ നാല് അധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു. ആത്മാർത്ഥതയും കൃത്യനിഷ്ഠയും ഉള്ള ഇവരുടെ പ്രവർത്തനം കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചക്ക് സഹായകരമാണ്. പിന്നോക്കക്കാർക്കും, ഭിന്നശേഷിക്കാർക്കും പ്രത്യേക പരിഗണന നൽകുകയും. അവരെക്കൂടി മുന്നിരയിലെത്തിക്കാൻ വേണ്ടി അധ്യാപകർ പരിശ്രമിക്കുന്നു.

Scanned with OKEN Scanner

# പൊതുലക്ഷ്യങ്ങൾ - കാഴ്ചപ്പാട്

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തും.

* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവും ആയ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കി ഉത്തമ പൗരന്മാരാക്കി മാറ്റും.

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനും കഴിയുന്നുവെന്ന് ഉറപ്പ് വരുത്തും.

* വിവരസാങ്കേതിക വിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഉറപ്പ് വരുത്തും.

* പൊതുപരീക്ഷയായ എൽ. എസ്. എസ്സിലും മറ്റു മത്സരപരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

Scanned with OKEN Scanner

# ഉപലക്ഷ്യങ്ങൾ

* കായികശേഷി വികസനത്തിനുതകുന്ന മെച്ചപ്പെട്ട കായിക പരിശീലനവും കായിക വിദ്യാഭ്യാസവും നൽകും.

* ഇംഗ്ലീഷ് അസംബ്ലിയിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തും.

* ഇംഗ്ലീഷ് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കും

* ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് റൈമുകൾ,, കഥകൾ എന്നിവ കേൾക്കുന്നതിന് അവസരം ഒരുക്കും.

* പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് സ്കൂൾ വിദ്യാർത്ഥികളുടേതിന് സമാനമായി എല്ലാ അവസരങ്ങളും ഒരുക്കും.

Scanned with OKEN Scanner

# പ്രവർത്തനം :

ഒന്നാം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും ആക്ടിവിറ്റി ബുക്കുകൾ ഗവൺമെന്റ് നൽകിയിട്ടുണ്ട്. ആക്ടിവിറ്റി ബുക്ക്, ടെക്സ്റ്റ് ബുക്ക്, ടീച്ചർ ടെക്സ്റ്റ്. ഇവ മൂന്നും കോർത്തിണക്കിയാണ് കുഞ്ഞുങ്ങൾക്ക് പ്രവർത്തനങ്ങൾ നൽകുന്നത്. രണ്ടാം ക്ലാസിലേക്ക് ബി.ആർ.സിയിൽ നിന്നും സചിത്ര പുസ്തകം കുട്ടികളുടെ എണ്ണം അനുസരിച്ച് ലഭ്യമാക്കുകയുണ്ടായി.

## സംയുക്ത ഡയറി
## സർഗാത്മക ഡയറി.
## രചനാ പരിചയക്കുറിപ്പ്

ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികൾ എല്ലാ ദിവസവും സംയുക്തഡയറി. എഴുതിവരുന്നു. മൂന്ന്, നാല്. ക്ലാസിലെ കുട്ടികൾ എല്ലാ തിങ്കളാഴ്ചയും രചനാ പരിചയ കുറിപ്പ് എഴുതുന്നു. ചൊവ്വ, വ്യാഴം സർഗാത്മക ഡയറി എഴുതുന്നു.

Scanned with OKEN Scanner

# ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

## ലക്ഷ്യങ്ങൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കും.
- മികച്ച ഭൗതിക സാഹചര്യങ്ങൾ തയ്യാറാക്കും.
- വിവിധ ഏജൻസികളുടെ സഹായം തേടും.

## പ്രവർത്തനങ്ങൾ

- പ്രത്യേക ടീച്ചിങ് മാനുവലും ആസൂത്രണവും നടത്തും.
- വിവിധതരം കളിക്കോപ്പുകൾ നൽകി പേശീവികസനത്തിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകും.
- അഡാപ്റ്റഡ് ടോയ്ലറ്റ് സംവിധാനം ഒരുക്കും.
- എസ്. എസ്. എ. , പഞ്ചായത്ത് , എസ്. എം. സി. എന്നിവരുടെ സഹകരണത്തോടെ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സഹായം ഒരുക്കും.

Scanned with OKEN Scanner

- വീട്ടിലൊരു ക്ലാസ് ലൈബ്രറി ഒരുക്കിക്കൊടുക്കും.

- ഐ. സി. ടി. സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്തും.

# മേഖലകൾ

- ഭാഷാവിഷയങ്ങളായ മലയാളം , ഇംഗ്ലീഷ് എന്നിവയിൽ എഴുതാനും വായിക്കാനും സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും.

- ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ ശാസ്ത്രാവബോധം വളർത്തും.

- ഗണിത പഠനം എല്ലാ കുട്ടികൾക്കും പ്രാപ്യമായ ഒന്നാക്കി മാറ്റും.

- പ്രത്യേക പരിഗണന അർഹിക്കുന്നവർ (CWSN) - ക്കുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

- പരിസ്ഥിതി എന്ന പാഠപുസ്തകം , ജൈവ വൈവിധ്യം - പരിചയപ്പെടുത്തും.

- സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തും.

- ആരോഗ്യ കലാകായിക മേഖലയിൽ പുരോഗതി നേടും.

- വിവര വിനിമയ സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തും.

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പരിസരപഠനം

### ആമുഖം

സ്വന്തം ചുറ്റുപാടിനെയും പരിസ്ഥിതിയെയും സ്വയം മനസ്സിലാക്കാനും അറിയാനും അനുഭവിക്കാനും ശാസ്ത്ര സാമൂഹിക അവബോധം സൃഷ്ടിക്കാനും കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ വിഷയം കൊണ്ട് ഉദ്ദേശിക്കുന്നത്.

### ലക്ഷ്യങ്ങൾ

- സസ്യങ്ങളുടെ വേര് , ഇല , തണ്ട് , പൂവ് , കായ് എന്നിവ നിരീക്ഷിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു.
- ചുറ്റുപാടിൽ ഉള്ള ജീവജാലങ്ങളെയും അവയുടെ പ്രത്യേകതകളും മനസിലാക്കുന്നു.
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയുന്നു.
- ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക.
- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നു.
- നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നു.

Scanned with OKEN Scanner

- സഹജീവി സ്നേഹം വളർത്തുക.

- ആരോഗ്യ സംരക്ഷണ കാര്യങ്ങൾ , വ്യക്തി ശുചിത്വം എന്നിവയ്ക്ക് മുൻഗണന നൽകുന്നു.

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ ഉള്ള നിരവധി വ്യത്യസ്തതകളെ കണ്ടെത്തുന്നു.

## പ്രവർത്തനങ്ങൾ

- ക്ലാസ്സിൽ പരീക്ഷണമൂല സജ്ജീകരിക്കും.

- ശാസ്ത്ര ദിനാചരണങ്ങൾ ആചരിക്കും (ചർച്ച , പ്രാധാന്യം വ്യക്തമാക്കൽ)

- ശാസ്ത്ര ക്ലബ്

- ശാസ്ത്ര പുസ്തക വായന

- ശാസ്ത്ര സംബന്ധിയായ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ

- ഫീൽഡ് ട്രിപ്പ്

- ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ / കണ്ടുപിടിത്തങ്ങൾ പതിപ്പ്

- ICT സാധ്യത പ്രയോജനപ്പെടുത്തി അറിവ് നേടൽ

- ശാസ്ത്ര ക്വിസ്

Scanned with OKEN Scanner

- കൃഷിയെ അറിയാൻ - കർഷകരുമായി അഭിമുഖം

- സസ്യങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ സാമ്യ - വ്യത്യാസങ്ങൾ തിരിച്ചറിയുന്നതിന് അവസരം കൊടുക്കുന്നു.

- പൂക്കളുടെ സാമ്യ - വ്യത്യാസങ്ങൾ തിരിച്ചറിയാനുള്ള അവസരം നൽകുന്നു. (നിറം , ഇതളുകളുടെ എണ്ണം , പ്രയോജനം , ചെറുത് - വലുത് , ഒറ്റ - കുല)

- സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു.

- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

- പുഴയെ അറിയാൻ - പഠനയാത്ര

- ജീവികളുടെ കൂടുകൾ തിരിച്ചറിയുന്നതിന് - പ്രകൃതി നടത്തം

- ആരോഗ്യ സംരക്ഷണ കാര്യങ്ങളിലും വ്യക്തി ശുചിത്വത്തിനും വേണ്ടി - ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.

Scanned with OKEN Scanner

# മലയാളം

## ആമുഖം

"വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക" - എന്ന മഹത് വചനത്തിന്റെ സാക്ഷാത്കാരത്തിനായി വിദ്യാർത്ഥികളെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാനാണ് ഈ വിഷയം ലക്ഷ്യമിടുന്നത്. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ ,
മികച്ച വായന - മികച്ച എഴുത്ത്

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- അമ്മ വായന
- സ്കൂൾ ലൈബ്രറി , ക്ലാസ്സ് ലൈബ്രറി
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായനാ സാമഗ്രികൾ കണ്ടെത്തൽ , വികസനം
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ
- സാഹിത്യകാരന്മാരുമായുള്ള സംവാദം , അഭിമുഖം
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി. , IT സാധ്യത സജ്ജീകരിക്കൽ

Scanned with OKEN Scanner

# പ്രവർത്തനങ്ങൾ

- പിന്നാക്കക്കാരെ കണ്ടെത്തി ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കുന്നു.
- ചിത്ര സഹായത്താൽ അടയാളങ്ങളാൽ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.
- അക്ഷരക്കാർഡിലൂടെ വാക്കുകൾ - വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ
- ചിത്രങ്ങൾ നൽകി അടിക്കുറിപ്പെഴുതൽ
- കഥാപുസ്തകം നൽകി വായനക്കുറിപ്പ് തയ്യാറാക്കൽ
- സി. ഡി. പ്രദർശനം - ചിത്രത്തെക്കുറിച്ച് പറയാനും എഴുതാനും അവസരം ഒരുക്കുക.
- ഭിന്നശേഷിക്കാർക്ക് IED അധ്യാപകരുടെ സഹായത്തോടെയുള്ള പ്രവർത്തനം
- ക്ലാസ്സിൽ വായനാക്കൂട്ടം
- ക്ലാസ് ലൈബ്രറി
- സ്കൂൾ ലൈബ്രറി നവീകരണം
- ഗ്രന്ഥശാല സന്ദർശനം
- പത്രവായന - വാർത്ത തയ്യാറാക്കൽ - പുതിയ അറിവ് കണ്ടെത്തൽ
- അമ്മ വായന

Scanned with OKEN Scanner

- വായനാ അനുഭവം പങ്കുവെയ്ക്കൽ
- വിദ്യാരംഗം പ്രവർത്തനങ്ങൾ
- ഇ - വായന സാധ്യത കണ്ടെത്തൽ
- വായനാക്കുറിപ്പ് - ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- പൊതുവേദി - ബാലസഭയിലെ പ്രകടനങ്ങൾ
- സാഹിത്യകാരന്മാരുമായുള്ള അഭിമുഖം - സംവാദം
- വായനയും എഴുത്തും പ്രോത്സാഹിപ്പിക്കൽ - ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മത്സരങ്ങൾ

Scanned with OKEN Scanner

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയതാണ് ഇത്. കുട്ടികൾ ഗണിത പ്രവർത്തനങ്ങളിൽ തത്പരരായി ശേഷികൾ നേടിയെടുക്കേണ്ടതുണ്ട്. ഗണിത പഠനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും മനുഷ്യനെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയരൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- യുക്തിചിന്ത , ഗണിതചിന്ത , വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- 1 - 100 വരെയുള്ള സംഖ്യാബോധം , വ്യാഖ്യാനം , സങ്കലനം , വ്യവകലനം തുടങ്ങിയ ശേഷി ഉറപ്പാക്കൽ
- മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ പ്രാപ്തരാക്കുക.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

Scanned with OKEN Scanner

# പ്രവർത്തനങ്ങൾ

- പാറ്റേൺ പൂർത്തിയാക്കൽ
- നാലക്ക സംഖ്യകളുടെ സംഖ്യാബോധം , വ്യാഖ്യാനം
- കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ
- പ്രായോഗിക പ്രശ്നങ്ങൾ നിർദാരണം ചെയ്യുന്നു.
- ഗണിത മൂല നിർമ്മാണം
- ഗണിത ക്ലബ്
- ക്രമത്തിലാക്കൽ
- കുട്ടങ്ങളാക്കൽ
- സംഖ്യാ ചക്രം
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതക്രിയകൾ ചെയ്യുന്നു
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- ഗണിത വിജയ പ്രവർത്തനങ്ങൾ
- ഗണിത ശില്പശാല
- കലണ്ടർ , പതിപ്പ് തയ്യാറാക്കൽ

Scanned with OKEN Scanner

- പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ
- സ്കൂളിൽ ഒരു കട
- ഗണിതപ്പാട്ട്
- സംഖ്യാബോധ ഉറപ്പിക്കൽ
- സംഖ്യാക്കൂട്ടങ്ങളിൽ നിന്ന് വലുത് / ചെറുത് കണ്ടെത്തൽ

Scanned with OKEN Scanner

# ENGLISH

## INTRODUCTION

The goal of studying this language subject for students is to handle English fluently. Child must move from small words to long words and sentences. They must be able to read , write and speak English. Every child should be able to speak English fluently like their mother language , Malayalam.

## AIMS

- Must be able to read and write without any mistake.
- To make words from letter card.
- To increase the communication skill.
- To improve the ability for participating in language games.
- Games , Action song , Hello English activities , conversations , skit , stories.
- Improving Listening , Reading , Writing & Speaking skills
- Simple words introducing

Scanned with OKEN Scanner

- Descriptions , Self-introduction , Picture reading , Speech , Book review , Quiz , Riddles , Rhymes , Story reading etc...
- Increase the confidence level of a child.

## ACTIVITIES

- Word game , jumbled letters , days celebration , English assembly
- E – reading , skit , role play , reading competition
- Picture card description , reading cards , reading text book
- Assembly activities , news paper reading , library books reading , finding rhyming words , self-introduction ,
- Making - words , sentences , paragraphs
- Learning new words , using I.C.T , conversations , concept map , thoughts
- Word chain , magazine reading , language games

Scanned with OKEN Scanner

# സചിത്ര പുസ്തകം

## ലക്ഷ്യം

ഒന്ന് - രണ്ട് ക്ലാസ്സുകളിലെ തുടക്കക്കാരായ കുഞ്ഞുങ്ങളിലെ ഭാഷാനയ്പുണിയുടെ വളർച്ചക്ക് ആശയഗ്രഹണം വളരെ ആവശ്യമാണ്. അതിനായി കഥകൾ കേൾക്കുന്നതിനും കേട്ട കഥയിലെ കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നതിനും സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉചിതമായ പ്രവർത്തനങ്ങൾ നൽകി അത് ഓരോ കുഞ്ഞിനും അവരവരുടെ കയ്യിൽ തങ്ങളുടേതായ ഒരു സൃഷ്ടി അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്താൽ നിർമ്മിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## നേട്ടങ്ങൾ

- ലളിതമായ ആശയാവതരണം
- ചിത്രവായനയിലൂടെ ആശയരൂപീകരണം
- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ
- സർഗ്ഗാത്മക വികസനം
- നിർമ്മാണപ്രവർത്തനങ്ങൾ
- എല്ലാവരുടെയും പങ്കാളിത്തം
- രക്ഷിതാക്കൾക്ക് സഹായിക്കാനുള്ള അവസരം

Scanned with OKEN Scanner